"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ഷൻ വകുപ്പ് — ലോക് സഭാ തിരഞ്ഞെടുപ്പ്, 2024 — ഇലക്ഷൻ (ജനറൽ) വകുപ്പിലെ ജോലിഭാരം ക്രമീകരിക്കുന്നതിനായി താൽക്കാലിക സെക്ഷനുകളും സീറ്റുകളും രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്

സ.ഉ.(സാധാ) നം.133/2024/ELEC    തീയതി,തിരുവനന്തപുരം, 12-03-2024

ഉത്തരവ്

2024 ലോക് സഭാ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി ഇലക്ഷൻ (ജനറൽ) വകുപ്പിലുണ്ടാകുന്ന അധിക ജോലിഭാരം ലഘൂകരിക്കുന്നതിനും പുതതായി നിയമിക്കപ്പെട്ടവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് ചുമതലകൾ വിഭജിച്ച് നൽകുന്നതിനുമായി താഴെപ്പറയുന്ന താത്ക്കാലിക ക്രമീകരണങ്ങൾ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നതുവരെ ഇലക്ഷൻ (ജനറൽ) വകുപ്പിന് കീഴിൽ ഇലക്ഷൻ (ജനറൽ - എം.സി.സി) വകുപ്പ്, ഇലക്ഷൻ (ജനറൽ - ഐ.ടി) വകുപ്പ്, ഇലക്ഷൻ (ജനറൽ - മീഡിയ) വകുപ്പ് എന്നീ മൂന്ന് സെക്ഷനുകൾ താത്ക്കാലികമായി സൃഷ്ടിക്കുന്നു. ഇലക്ഷൻ (ജനറൽ - എം.സി.സി) വകുപ്പിൽ ഒരു സെക്ഷൻ ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരും ഇലക്ഷൻ (ജനറൽ - ഐടി) വകുപ്പിൽ ഒരു സെക്ഷൻ ഓഫീസറും രണ്ട് അസിസ്റ്റന്റുമാരും ഇലക്ഷൻ (ജനറൽ - മീഡിയ) വകുപ്പിൽ ഒരു ഇൻഫർമേഷൻ ഓഫീസറും ഒരു അസിസ്റ്റന്റും ചേരുന്നതാണ് താത്ക്കാലിക സെക്ഷനുകളുടെ ഘടന.

ലോക് സഭാ തിരഞ്ഞെടുപ്പ്, 2024 മായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർമാർക്ക് ഇലക്ഷൻ (ജനറൽ) വകുപ്പിലെ വിഷയങ്ങൾ താഴെപ്പറയുന്ന രീതിയിൽ വിഭജിക്കുന്നു.

**1. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്.**

Model Code of Conduct, C- Vigil Monitoring, Management of Control Rooms in CEO, DEO Offices including webcasting control room, Collection of various reports through Control Room, Vulnerability Mapping, Force Deployment, Law & Order, Expenditure Monitoring, Seizure Reports, ESMS Portal, Daily Reports, MCMC — State Level Committee, Addl. CEO's Media Certification Committee, Media & Paid News- Monitoring of Media on all platforms, Print/ Audio- Visual/ Social Media, Daily Press Cuttings Reports, Media — Complaints, Call Center (24x7), Call Centre Monitoring.

**2. ശ്രീ. പ്രേംകുമാർ വി.ആർ. ഐ.എ.എസ്.**

Electoral Roll, ERO Net, E Roll Printing & Payments, Postal Ballot/ Absentee Voting - Daily Reports, ENCORE, Suvidha, Affidavit Portal, Voter Turnout App, ETPBMS, Poll Manager, Other IT Apps, Coordination of IT Teams in CEO / DEO/ RO Offices, Observers, Planning Portal.

**3. ശ്രീമതി. ഷർമ്മിള സി.**

SVEEP, Training.

**4. ശ്രീ. കൃഷ്ണദാസൻ പി.**

Conduct of Election- Notifications, Reports, Distribution and Reception Centre, Counting Centre and Strong Room, Webcasting, Polling Stations, Criminal Antecedents of Candidates, Star Campaigners, Polling Personnel, ORDER Software, Index Cards, BLO, EPIC, Authority Letter, NGRS Portal, Papers related to Political Parties.

അതാത് സെക്ഷൻ ഓഫീസർമാർ താഴെപ്പറയുന്ന രീതിയിൽ മേൽ ഓഫീസർമാർക്ക് ഫയൽ സമർപ്പിക്കേണ്ടതാണ്.

EL1, EL2, EL5, EL6, EL7 സീറ്റുകളിലെ ഫയലുകൾ സെക്ഷൻ ഓഫീസർ (ജനറൽ) അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ. കൃഷ്ണദാസൻ പി. വഴി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

EL4, EL8, EL10 സീറ്റുകളിലെ ഫയലുകൾ സെക്ഷൻ ഓഫീസർ (ജനറൽ - എം.സി.സി), EL11 സീറ്റിലെ ഫയലുകൾ ഇൻഫർമേഷൻ ഓഫീസർ (ജനറൽ - മീഡിയ) എന്നിവർ അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീമതി. അദീല അബ്ദുള്ള ഐഎഎസ് വഴി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

EL3 , EL9 സീറ്റിലെ ഫയലുകൾ സെക്ഷൻ ഓഫീസർ (ജനറൽ - ഐ.ടി) അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ. പ്രേംകുമാർ വി.ആർ. ഐഎഎസ് വഴി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

EL1 സീറ്റിലെ ട്രെയിനിംഗ് സംബന്ധിച്ച ഫയലുകൾ സെക്ഷൻ ഓഫീസർ (ജനറൽ) അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീമതി. ഷർമ്മിള സി. യ്ക്കും, EL 2 സീറ്റിലെ EPIC യുമായി ബന്ധപ്പെട്ട ഫയലുകൾ ഡെപ്യൂട്ടി ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ. രുസി ആർ. എസ്. വഴി ശ്രീ. കൃഷ്ണദാസൻ പി. യ്ക്കും EL9 സീറ്റിലെ ഒബ്സർവറുമായി ബന്ധപ്പെട്ട ഫയലുകൾ സെക്ഷൻ ഓഫീസർ (ജനറൽ-ഐടി) ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ. അനീഷ് ടി. വഴി അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ. പ്രേംകുമാർ വി.ആർ. ഐഎഎസ് നും സമർപ്പിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ രീതിയിൽ ഇ-ഓഫീസിൽ ഇലക്ഷൻ (ജനറൽ - എം.സി.സി) വകുപ്പ്, ഇലക്ഷൻ

(ജനറൽ - ഐ.ടി) വകുപ്പ്, ഇലക്ഷൻ (ജനറൽ - മീഡിയ) വകുപ്പ് എന്നീ മൂന്ന് സെക്ഷനുകൾ താത്ക്കാലികമായി രൂപീകരിക്കേണ്ടതും നിലവിലുള്ള EL1, EL2, EL3, EL4, EL5 അസിസ്റ്റന്റ് ലോഗിനുകൾക്ക് പുറമെ EL6, EL7, EL8, EL9, EL10, EL 11 എന്നീ അസിസ്റ്റന്റ് ലോഗിനുകളും രണ്ട് സെക്ഷൻ ഓഫീസർ ലോഗിനുകളും ഒരു ഇൻഫർമേഷൻ ഓഫീസർ ലോഗിനും രണ്ട് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ലോഗിനും താത്ക്കാലികമായി അനുവദിക്കുന്നതിനുള്ള നടപടി ഇലക്ഷൻ (എക്യൂപ്മെന്റ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതിന് മുൻപ് താത്ക്കാലികമായി സൃഷ്ടിക്കപ്പെടുന്ന സീറ്റുകളിലെ ഫയലുകൾ തീർപ്പാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ താഴെപ്പറയുന്ന പ്രകാരം കൈമാറേണ്ടതാണ്. ഇക്കാര്യങ്ങൾ അതത് സെക്ഷൻ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

EL6, സീറ്റിലെ ഫയലുകൾ EL3 സീറ്റിലേയ്ക്കും EL7 സീറ്റിലെ ഫയലുകൾ EL 4 സീറ്റിലേയ്ക്കും EL8 സീറ്റിലെ ഫയലുകൾ EL 4 സീറ്റിലേയ്ക്കും EL9 സീറ്റിലെ ഫയലുകൾ EL 1, EL3 സീറ്റുകളിലേയ്ക്കും EL10 സീറ്റിലെ ഫയലുകൾ EL 1, EL2 സീറ്റുകളിലേയ്ക്കും EL 11 ലെ ഫയലുകൾ EL 1 സീറ്റിലേയ്ക്കും വകുപ്പിൽ നിലനിന്നിരുന്ന വിഷയങ്ങളുടെ വിഭജനമനുസരിച്ച് കൈമാറേണ്ടതാണ്.

കൺട്രോൾ റൂം/ റിപ്പോർട്ടിംഗ് സെൽ - ന്റെ ചുമതല അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീമതി. അദീല അബ്ദുള്ള ഐഎഎസ് നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ
SECRETARY & CHIEF ELECTORAL OFFICER

ഇലക്ഷൻ വകുപ്പിലെ എല്ലാ വകുപ്പുകൾക്കും/ ഉദ്യോഗസ്ഥർക്കും.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പകർപ്പ്:
ചീഫ് ഇലക്ടറൽ ഓഫീസറുടെ പി.എ. യ്ക്ക്
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ സി.എ. /പി.എ. യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Arun S R
സെക്ഷൻ ഓഫീസർ
Date: 12-03-2024 11:54:41